പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4797

14/11/2019-ൽ മറുപടിയ്ക്ക്

## ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം<br>ശ്രീ കെ. ഡി. പ്രസേനൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ഓരോ വിദ്യാലയങ്ങളിലേയും പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ച കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ വീതം ജി.എച്ച്.എസ്.എസ് എരുമയൂർ, ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകുറിശ്ശി, ജി.ജി.എച്ച്.എസ്.എസ് ആലത്തൂർ-നും അനുവദിച്ചിട്ടുണ്ട്.<br>പശ്ചാത്തലസൗകര്യവികസനത്തിനായി ജി.എച്ച്.എസ് മുടപ്പല്ലൂർ, ജി.എച്ച്.എസ്.എസ് തേൻകുറിശ്ശി, ജി.എച്ച്.എസ് കുനിശ്ശേരി, ജി.എച്ച്.എസ് ബെമ്മണ്ണൂർ, ജി.യു.പി.എസ് പുതിയങ്കം എന്നീ സ്കൂളുകൾക്ക് 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ ചെയ്തതും ചെയ്യാത്തവയും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഇതിൽ 5 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ് കിഴക്കഞ്ചേരി സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണികൾ പുരോഗമിക്കുകയാണ്. |
| (സി) ഓരോ സ്കൂളിന്റേയും പ്രവൃത്തി ഏതെല്ലാം എസ്.പി.വി.യെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കമോ? | (സി) 5 കോടി രൂപ പദ്ധതിയിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി കൈറ്റ് ആണ്.<br>3 കോടിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ എസ്.പി.വി ആയി INKEL-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1 കോടി രൂപയിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി ആയി KILA-യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

Namitha P

സെക്ഷൻ ഓഫീസർ